നമ്പർ : ജി (1) 46249/03

സഹകരണസംഘം രജിസ്ട്രാർ ആഫീസ്

തിരുവനന്തപുരം, 1/3/05.

സർക്കുലർ നമ്പർ 4/2005

വിഷയം: സഹകരണ വകുപ്പ്- സംസ്ഥാനത്തെ സഹകരണസ്ഥാപനങ്ങളിലെ പൊതു യോഗങ്ങളിൽ പങ്കെടുക്കുന്ന അംഗങ്ങൾക്കുള്ള ഭക്ഷണ ചെലവ്- നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്.

സൂചന: 1) ഈ ആഫീസിലെ 20/80/1991-ലെ 23/91 നമ്പർ സർക്കുലർ.

2) ഈ ആഫീസിലെ 29/5/1991-ലെ 22/99 നമ്പർ സർക്കുലർ.

സൂചന (2) സർക്കുലർ പ്രകാരം ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ അവയുടെ പൊതുയോഗത്തിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് ഭക്ഷണം നൽകുന്നതിനായി ഒരംഗത്തിന് പരമാവധി 25 രൂപ എന്ന നിരക്കിലും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ ഈ ഇനത്തിൽ ഒരംഗത്തിന് പരമാവധി 8 രൂപയും ചെലവ് ചെയ്യുന്നതിന് അനുമതി നൽകിയിരുന്നു. ടി നിരക്കുകൾ വളരെ അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ ചെലവാക്കുന്ന തുകയുടെ നിരക്കുകൾ വർദ്ധിപ്പിക്കണമെന്ന സഹകാരികളുടെ ആവശ്യം പരിഗണിച്ച് സംസ്ഥാനത്തെ സഹകരണസംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങളിലെ പൊതുയോഗങ്ങളിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് ഭക്ഷണം നൽകുന്നതിനും മറ്റുമായി ചെലവഴിക്കാവുന്ന തുകയെ സംബന്ധിച്ച് സൂചന (2) സർക്കുലറിലെ നിർദേശം ചുവടെ ചേർത്തിരിക്കുന്ന പ്രകാരം പരിഷ്കരിക്കുന്നു.

ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ അവയുടെ പൊതുയോഗത്തിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് ഭക്ഷണം നൽകുന്നതിനായി ഒരംഗത്തിന് പരമാവധി 30 (മുപ്പത്) രൂപ എന്ന നിരക്കിലും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ ഈ ഇനത്തിൽ പരമാവധി ഒരംഗത്തിന് 10 (പത്ത്) രൂപ എന്ന നിരക്കിലും ചെലവ് ചെയ്യുന്നതിന് അനുമതി നൽകുന്നു.

ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥൻമാർ ടി നിർദേശം അവരുടെ നിയന്ത്രണത്തിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളുടേയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

ഒപ്പ്,

കെ.കേശവൻ

സഹകരണസംഘം രജിസ്ട്രാർ (ഇൻചാർജ്)

1) എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും

2) എല്ലാ ജോയിന്റ് രജിസ്ട്രാർ (ഓഡിറ്റ്) മാർക്കും

3) ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും സെക്ഷനുകൾക്കും

4) എഡിറ്റർ, സഹകരണവീഥി

5) എഡിറ്റർ, സഹകരണ ജേർണൽ, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം

6) സ്റ്റോക്ക് ഫയൽ/സ്പെയർ.

ആജ്ഞാനുസരണം

സഹകരണസംഘം രജിസ്ട്രാർക്കുവേണ്ടി.